ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം തടവുകാരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തടവുകാരുടെ വേതനം വർദ്ധിപ്പിച്ചു. ക്ഷേണക്രമം പുനഃക്രമീകരിച്ച് നല്ല ഭക്ഷണം ഉറപ്പാക്കി, തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും മുഴുവൻ തടവുകാർക്കും കിടക്കുവാൻ കട്ടിൽ നല്കി. വീട്ടുകാരുമായി ബന്ധപ്പെടുന്നതിന് കോയിൻ ബോക്സ് ടെലിഫോൺ സൗകര്യം ഏർപ്പെടുത്തി. ടെലിവിഷൻ പരിപാടികൾ കാണുന്നതിനും എഫ്.എം. റേഡിയോ സൂക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി. തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി ഏർപ്പെടുത്തി. ബന്ധുമിത്രാദികളുമായുള്ള കൂടിക്കാഴ്ചയ്ക്ക് സൗകര്യം ഉദാരമാക്കി. പരോൾ വ്യവസ്ഥ ഉദാരമാക്കി. കോടതിയിൽ പോകുന്ന തടവുകാരുടെ ബത്ത വർദ്ധിപ്പിച്ചു. ജയിലുകളിലെ ലൈബ്രറികൾ വിപുലപ്പെടുത്തി തടവുകാർക്ക് വിവിധ കോഴ്സുകൾക്ക് പഠിക്കാനുള്ള സാഹചര്യം ഒരുക്കി. എല്ലാ പ്രധാന ജയിലുകളിലും ഇഗ്നോ സെന്ററുകൾ തുടങ്ങി. തടവുകാരുടെ ക്ഷേമ പദ്ധതിയിലുൾപ്പെടുത്തി പുതിയ ട്രേഡുകൾ പഠിപ്പിക്കുന്ന സാഹചര്യം ഉണ്ടാക്കി. ജയിലുകളിൽ പാചകവാതക സൗകര്യം ഏർപ്പാടാക്കി. പുതിയ ജയിലുകൾ നിർമ്മിച്ച് തടവുകാരുടെ ബാഹുല്യം കുറച്ച് ജീവിത സാഹചര്യം മെച്ചപ്പെടുത്തി തടവുകാരുടെ മാനസികോല്ലാസത്തിനായി ജയിൽ ദിനാഘോഷവും വിനോദപരിപാടികളും ഏർപ്പെടുത്തി.

പുതിയ ജയിലുകൾ

91 (1846) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ജയിലുകൾ ആരംഭിച്ചിട്ടുണ്ടോ : എങ്കിൽ എവിടെയെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. താഴെപ്പറയുന്ന ജയിലുകൾ ആരംഭിച്ചിട്ടുണ്ട്.

1. സബ് ജയിൽ, ചിറ്റൂർ
2. സബ് ജയിൽ, ഹോസ്ദുർഗ്
3. തുറന്ന ജയിൽ, ചീമേനി
4. വനിതാ ജയിൽ, കണ്ണൂർ
5. സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ
6. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്
7. സബ് ജയിൽ, വിയ്യൂർ
8. സ്പെഷ്യൽ സബ് ജയിൽ, പൂജപ്പുര
9. ജില്ലാ ജയിൽ, എറണാകുളം.

കൂടാതെ പൂട്ടിയിട്ടിരുന്ന മാനന്തവാടി സബ്ജയിലിൽ പുതിയ മന്ദിരം നിർമ്മിച്ച് പ്രവർത്തനം പുനരാരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly